
# ഓർമ്മയിലെ ഓണം

## സ്റ്റീഫൻ നടുക്കുടിയിൽ, ഫ്ലോറിഡ




കളിയിൽ അൽപ്പം കാര്യം ചേർത്ത് തനി മലയാളി ശൈലിയിൽ ഒരു ചൊല്ലുണ്ട്. ഞാൻ നിന്നേക്കാൾ (നിങ്ങളേക്കാൾ) കൂടുതൽ ഓണം ഉണ്ടിട്ടുണ്ട്. ആ ചൊല്ലിനു ഞാൻ അടിവരയിടുന്നു. കാരണം എന്നേക്കാൾ കൂടുതൽ ഓണം ഉണ്ടിട്ടുള്ള ഒരു "ഈ മലയാളി" വായനക്കാരൻ പോലും ലോകത്തിൻെറ ഒരു മൂലയിലും കാണുവാനിടയില്ല. അത്കൊണ്ടാണ് ഓണത്തെപ്പറ്റിയുള്ള എൻെറ അനുഭവങ്ങൾ ഞാൻ നിർഭയം കുറിക്കുന്നത്.

രാമായണമാസം വന്നുപോയി. സംശയിക്കണ്ട രാമായണമാസംതന്നെ. മലയാളവർഷത്തിൻെറ അവസാനമാസമായ "പഞ്ഞ" (കള്ള) കർക്കടകമാസത്തിൻെറ സ്തുതിനാമം. ക്ഷേത്രങ്ങളിൽ തുഞ്ചത്തെഴുത്തച്ചനൻെറ അദ്ധ്യാത്മരാമായണം മണിപ്രവാളത്തിൻെറ ആദി മുതൽ അന്തം വരെയുള്ള പാരായണം പേരിനു ചേർന്നവിധം മാസത്തിൻെറ പ്രതിച്ഛായ ഉയർത്തുവാൻ ഏറെ സഹായിച്ചിട്ടുണ്ട്.

ഇപ്പോൾ ലോകത്തെമ്പാടുമുള്ള മലയാളികൾ തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ഉത്സവമായ പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണം ആഘോഷിക്കുവാൻ അത്തനക്ഷത്രത്തിൻെറ ഉദയവും കാത്ത് ആകാശത്തിൽ കണ്ണും നട്ട് ഇരിക്കുകയാണ്.

തൈ, തൈ, തകതൈ, തകതോം

ഓ, തിത്തിത്താര, തിത്തിത്തൈ

തിത്തൈ, തിത്തൈ, തക തൈം.

എങ്ങും ആർപ്പോ വിളികൾ. മഹാവിഷ്ണുവിൻെറ ത്രിവിക്രമാവതാരമായ വാമനമൂർത്തിയുടെ ത്രിക്കാലുകൾ പതിഞ്ഞ, ത്രിക്കാൽകരയെന്ന ത്രിക്കാക്കരയിൽ തിരുവോണനാളിൽ എഴുന്നെള്ളുന്ന മഹാബലിതമ്പുരാനും, അന്നേദിവസം ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ എഴുന്നെള്ളുന്ന മഹാവിഷ്ണുവിനും ഓണസദ്യ ഒരുക്കുവാൻ കരകളിൽ നിന്നും വിഭവങ്ങൾ സംഭരിച്ച്കൊണ്ട് കുതിക്കുന്ന പള്ളിയോടത്തിനു അകമ്പടി പോകുവാൻ ഒരുങ്ങുന്ന നാഗവള്ളങ്ങളിലേയും, ചുരുളൻ വള്ളങ്ങളിലേയും തുഴക്കാരുടെ ആരവങ്ങളും, ആർപ്പൊവിളികളും, ചിങ്ങമാസത്തിലെ കൊയ്ത്തുകഴിഞ്ഞ് എവിടേയും ആഹ്ലാദവും, മന്ദഹാസം തൂകുന്ന മുഖങ്ങളും. മലയാളമനസ്സുകളിൽ ഓണത്തിൻെറ ആവേശം തിരതല്ലിത്തുടങ്ങി. ആർപ്പോവിളികൾ ആവേശത്തിനു ലഹരി കൂട്ടുന്നു.

അസുരരാജാവായിരുന്ന വിരോചനൻെറ മകനും, പ്രഹ്ലാദൻെറ പൗത്രനുമായിരുന്ന ബാലിചക്രവർത്തി നാടുവാണിരുന്ന കാലത്തായിരുന്നല്ലോ കേരളത്തിൻെറ സുവർണ്ണകാലം. ഒരു അസുരരാജാവായിരുന്ന ഹിരണ്യകശിപുവിനെ വിഷ്ണുവിൻെറ അവതാരമായ നരസിംഹ മൂർത്തി വധിച്ചുവെങ്കിലും മകൻ ഭക്തപ്രഹ്ലാദൻ വിഷ്ണുവിനോടുള്ള ഭയവും ബഹുമാനവും പൂജയും തുടരുകയും അത് പൗത്രനിൽ

സന്നിവേശിപ്പിക്കുകയും ചെയ്തു, പ്രഹ്ലാദൻ വിവേകിയും തീതിമാനും, ഉദാരമതിയും എല്ലാറ്റിനും ഉപരി ഒരു തികഞ്ഞ വിഷ്ണഭക്തനും ആയിരുന്നു. നീതിമാനും, കാരുണ്യവാനുമായിരുന്ന പ്രഹ്ലാദൻെറ സത്ഭരണം നാടിനു ഏറെ കീർത്തിയും അഭിവ്രുദ്ധിയുമുണ്ടാക്കി. അതുകൊണ്ട് മുത്തച്ഛനെപ്പോലെ തന്നെ തികഞ്ഞ വിഷ്ണുഭകതനായിരുന്ന മഹാബലിയും അദ്ദേഹത്തിൻെറ ഭരണതന്ത്രങ്ങൾ അനുകരിച്ചും അവക്ക് മാറ്റുകൂട്ടിയും രാജ്യം ഭരിച്ചു. അങ്ങനെ പൗത്രൻ മുത്തച്ഛനേക്കാൾ കീർത്തിമാനായി.

നിർഭയരും, ധീരോദാത്തരും, ശൗര്യശാലികളും, ഊർജ്ജസ്വലരുമായിരുന്ന മഹാഭാരതത്തിലെ ഭീമസേനനേയും ഹോമറിൻെറ ഒഡിസ്സിയെസ്സിനേയും ഗ്രീസ്സിൻെറ തീസ്സിയ്സ്സിനേയും ട്രോയ്യിലെ ഹെലനേയും പോലെ ഐതിഹ്യങ്ങളിലും, പുരാണങ്ങളിലും നിറഞ്ഞ്നിന്ന മഹാരഥന്മാരേയും രഥിമാരേയും മലയാളികൾ ആദരിച്ച് പോന്നിരുന്നുവെങ്കിലും, അവരുടെ ചിത്തം കവർന്നതും, അവർ ഹ്രുദയത്തിൽ ഏറ്റി ആരാധിച്ചതും ഇവരൊന്നും ആയിരുന്നില്ല. പ്രത്യുത തൻെറ പ്രജകളുടെ സമ്പത്സമ്രുദ്ധിയും സന്തുഷ്ടിയും സമാധാനവും മാത്രം ലക്ഷ്യംവച്ച് രാജ്യം ഭരിച്ച വിവേകിയും നീതിമാനും, ഉദാരമനസ്കനുമായിരുന്ന മഹാബലി തമ്പുരാനെയായിരുന്നു. അതുകൊണ്ടാണല്ലോ പതിറ്റാണ്ടുകളും, നൂറ്റാണ്ടുകളും, സഹസ്രവർഷങ്ങളും കഴിഞ്ഞിട്ടും ബലിതമ്പുരാനോടുള്ള ആദരവിനും സ്നേഹത്തിനും കുറവു സംഭവിക്കാത്തത്.

മഹാബലിയുടെ ബഹുജനസമ്മതിയും ജനസ്വാധീനവും കണ്ട് ദേവന്മാർ അസൂയാലുക്കളായി. അദ്ദേഹത്തിൻെറ ജനപ്രീതിയും, പ്രചാരവും, പ്രസിദ്ധിയും അവരുടെ നിലനിൽപ്പിനേയും, പരമാധി കാരത്തേയും ബാധിക്കുമെന്നു ഭയന്നു. മഹാബലിയെ ഏതുവിധേ നയും ഒഴിവാക്കാൻ മഹാവിഷ്ണുവിൽ ഏറെ സ്വാധീനമുണ്ടായിരുന്ന അദിതിയെന്ന ദേവമാതാവിൻെറ സഹായം തേടി. അദിതിയുടെ അഭിലാഷത്തിനു വഴങ്ങി മഹാബലി ആരാധിച്ചിരുന്ന സർവ്വലോകപരിപാലകനായ വിഷ്ണുദേവൻ അനീതിയെങ്കിലും, വേഷപ്രച്ഛന്നനായി വാമനരൂപത്തിൽ വന്ന് ആശ്രമം കെട്ടുന്നതിനു മൂന്ന് കാലടി മണ്ണിനു യാചിച്ചു. വാമനൻെറ അനന്യത സംശയിച്ച ഉപദേഷ്ടാവ് ശുക്രാചാര്യരുടെ ഉപദേശത്തിനു വഴങ്ങാതെ ഉദ ാരമനസ്കനായ മഹാബലി വാമനൻെറ ഇംഗിതം സാധിച്ച്കൊടുക്കുവാൻ ഒരുങ്ങി. തുടർന്ന് വാമനൻ തൻെറ യഥാർ ത്ഥ പ്രപഞ്ചാനുപാതത്തിലുള്ള വലിപ്പത്തിലേക്ക് വികസിക്കുകയും, ആദ്യത്തെ കാൽചുവ്ടുകൊണ്ട് ആകാശത്തേയും, രണ്ടാമത്തെ കാൽ ചുവടുകൊണ്ട് ഭൂമിയേയും അളന്നു. മൂന്നാമത്തെ കാൽ ചുവടിനു സ്ഥലമില്ലാതെവന്നപ്പോൾ മഹാബലി തൻെറ ശിരസ്സ് കാണിച്ചുകൊടുത്തു. തുടർന്ന് മഹാവിഷ്ണു തൻെറ കാലുകൊണ്ട് മഹാബലിയെ പാതാളത്തിലേക്ക് തള്ളിയെന്നുമാണല്ലോ നമ്മൾ വിശ്വസിക്കുന്നത്.

വിടപറയും മുമ്പ് ആണ്ടിലൊരിക്കൽ തൻെറ പ്രജകളുടെ ക്ഷേമം അന്വേഷിക്കുവാൻ കേരളത്തിൽ വരുവാനും അന്നേ ദിവസം അവരോടൊപ്പം ആഘോഷിക്കുവാനും, അനുവദിക്കണമെന്നുമുള്ള അപേക്ഷ ഒരു വരദാനമായി മഹാബലിക്ക് കൊടുത്തു. അതെ അവസരത്തിൽ തന്നെ മഹാവിഷ്ണുവിൻെറ സാന്നിദ്ധ്യം മഹാബലിക്ക് വിഷ്ണുസായൂജ്യം നേടുവാൻ സഹായിച്ചുവെന്നും അങ്ങനെ മഹാബലി വൈകുണ്ഠത്തിൽ എത്തിച്ചേർ ന്നുവെന്നും കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. അക്കാരണങ്ങളാൽ മലയാളികൾ മഹാബലിയേയും വിഷ്ണു അവതാരമായ വാമനനേയും ഒരുമിച്ച് ഓണദിവസം സ്വീകരിച്ചാദരിക്കുന്നു.

തിരുവോണത്തിൻെറ പ്രസക്തിയും പ്രചാരവും നാൾക്കുനാൾ കൂടികൊണ്ടിരിക്കുകയാണ്. കേരളസർക്കാർ ഓണത്തിനു കൊഴുപ്പു കൂട്ടുവാൻ സപ്ലയ് ബസാറുകളും, മാവേലി സ്റ്റോറുകളും തുറക്കുന്നു. തിരുവോണനാളുകളിൽ ന്രുത്തങ്ങളും, തെരുവുനാടകങ്ങളും, വാദ്യമേളങ്ങളും, നിശ്ചലദ്രുശ്യങ്ങളും, തിരുവോണത്തെ അനുസ്മരിക്കുവാൻ ഉതകുന്ന ദ്രുശ്യങ്ങളുടെ കലാരൂപങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന കാർണ്ണിവലുകൾ സംഘടിപ്പിക്കുന്നു, വള്ളംകളി മത്സരങ്ങൾ ഒരുക്കുന്നു. ജീവനക്കാർക്ക് മുൻകൂർ ശമ്പളവും, പ്രത്യേക ഓണഅലവൻസും കൊടുക്കുന്നു. തീവണ്ടി മന്ത്രാലയം കേരളത്തിലേക്ക് പ്രത്യേക തീവണ്ടികൾ ഓടിക്കുന്നു.

കച്ചവടക്കാർ കമ്പോളങ്ങളിൽ ചൈനയിൽ നിന്നുമിറക്കുമതി ചെയ്യുന്ന മരത്തിലും, ചൈനയിലും, പ്ലാസ്റ്റിക്കിലും തീർത്ത ത്രിക്കാകരപ്പൻെറ വി ഗ്രഹങ്ങളും, പ്ലാസ്റ്റിക്ക് പൂക്കളും വ്യവസായശാലകളിൽ മുൻകൂട്ടി ഉണ്ടാക്കിയ പൂക്കളങ്ങളും കൊണ്ട് നിറക്കുന്നു. അച്ചടിശാലകൾ ദ്രുശ്യഭംഗിയുള്ളതും, അർത്ഥവത്തായ സന്ദേശങ്ങൾ ഉൾകൊള്ളുന്നതുമായ അനുമോദന കാർഡുകൾ വേണ്ടപ്പെട്ടവർക്കും , പരിചയക്കാർക്കും അയക്കുവാൻ ലഭ്യമാക്കുന്നു. ഒരു ഫോൺ വിളിക്കകലെ സമ്രുദ്ധമായ ഓണസദ്യയും ലഭ്യമാക്കുന്നു.

വിദേശമലയാളികൾ വിശാലമായ ഹാളുകളിൽ ഓണപ്പരിപാടികൾ സംഘടിപ്പിക്കുന്നു വിഭവസമ്രുദ്ധമായ ഓണസദ്യകൾ, നവീനമായ കലാവിരുന്നുകൾ, കോമടിരാജാക്കന്മാരെകൊണ്ട് കോമടിഷോകൾ ചെണ്ടമേളത്തിൻെറയും, താലപ്പൊലിയുടേയും കുരവ വിളികളുടേയും അകമ്പടികളോടെ ഹോട്ട്ഡോഗും, ഹാമ്പർഗ്ഗറും, ഗ്രിൽ ചെയ്ത കോഴിക്കാലുകളും കൊടുത്ത് കൊഴുപ്പിച്ച കുമ്പകളും തള്ളികൊണ്ട് വരുന്ന മാവേലി തമ്പുരാക്കന്മാരുടെ എഴുന്നെള്ളിപ്പ് എല്ലാം ചേർത്ത് ഓണപ്പരിപാടികൾ ശ്രദ്ധേയമാക്കുന്നു.

ഇതെല്ലാം കാണുമ്പോഴും എന്തെല്ലാമോ നഷ്ടപ്പെട്ടുവെന്ന ഒരു തോന്നൽ. പഴയകാല തിരുവോണാഘോഷങ്ങളുടെ ചിത്തവും, സാരവും, ജീവാത്മാവും കാലത്തിൻെറ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടു പോയേക്കുമോ എന്നൊരു ശങ്ക. പട്ടിണിയും ദാരിദ്ര്യവും ഏറേ ഉണ്ടായിരുന്ന അക്കാലത്ത് ഓണദിവസം എല്ലാ വീടുകളിനും സമ്രുദ്ധിയുടെ ദിവസമായിരുന്നു. കാണം വിറ്റും ഓണം ഉണ്ണണമെന്നതല്ലേ പ്രമാണം.

കൂട്ടുകാരുമൊത്ത് ആറ്റുവക്കിൽ പോയി ചാണകം മെഴുകാത്ത കൊട്ടകളിൽ കരിമണ്ണു ശേഖരിക്കുന്നതും കളിമണ്ണു കുഴച്ച് തട്ടിൻപുറത്ത് സൂക്ഷിച്ചിട്ടുള്ള അച്ചുകളിൽ കുത്തിനിറച്ച് ഉണങ്ങുവാൻ വക്കുന്നതും, ഉണങ്ങിയ ഓണത്തപ്പ്നേയും, വിഷ്ണുവിനേയും വാമന ന്നേയും ഉമിത്തിയിൽ ചുട്ടെടുക്കുന്നതും അത്തത്തിൻ നാൾ കൊട്ടും കുരവുമായി, മെഴുകി വ്രുത്തിയാക്കിയ തളത്തിൻെറ നടുവിൽ അരിപ്പൊടി കോലങ്ങൾ അലങ്കരിച്ച് അതിന്മേൽ പിറമിഡ് ആക്രുതിയിലുള്ള ത്രുക്കാകരയപ്പന്മാരെ പ്രതിഷ്ഠിക്കുന്നതും, ഇപ്പോഴും കൗതുകത്തോടെ ഓർക്കുന്നു.

ഉത്രാടദിവസം വൈകുന്നേരമാകുമ്പോഴേക്കും ഓണലഹരി തിളച്ച്പൊങ്ങിക്കഴിയും. അന്നേരം ഓണം വന്നു, മാവേലി മന്നൻ വന്നു, കൺനിറയെ കാണൂ, ഉണ്ണാൻ വാ, ഊഞ്ഞാലാടാൻ വാ എന്ന് വിളിച്ച്കൂകികൊണ്ട് മുള്ളുവേലികളുടെ ഇടയിൽ കൂടി എഴഞ്ഞ് നീങ്ങുന്ന ഇടവഴികളിൽ കൂട്ടം കൂടി പോകുന്നത് എന്തു രസമായിരുന്നു.

ചിങ്ങകൊയ്ത്ത് കഴിഞ്ഞ് മെതിച്ച നെല്ല് കാറ്റിലിട്ട് വീശി പതിരുകളയുമ്പോഴും, വാലൻ കുട്ടകളിൽ കോരി പറനിറക്കുമ്പോഴും, വാ പൊലി, പൊലി വാ പൊലി, പൊലി, പൊലി എന്നു ഉരുവിട്ടാൽ നെല്ലു പൊലിച്ച് വരുമെന്ന് നിഷക്കളങ്കരായ അന്നത്തെ ക്രുഷിക്കാർ വിശ്വസിച്ചിരുന്നു. അതുപോലെ തന്നെ അത്തത്തിൻ നാൾ പൂശേഖരിക്കുവാൻ പോകുന്നതിനുമുമ്പ് പൂവ്വിളിച്ചാൽ ചെടികളിൽ പൂവിടരുമെന്ന് കുട്ടികൾ വിശ്വസിച്ചിരുന്നു. അതുകൊണ്ട് പൂപറിക്കാൻ തുടങ്ങുന്നതിനുമുമ്പ് പൂക്കൊട്ടകൾ കൈകളിൽ തൂക്കി കണ്ണടച്ച് നിന്നു പൂവിളി നടത്തുന്നു.

പൂവ്വേ വാ, തുമ്പപൂവ്വേ വാ, പൂമ്പാറ്റെ വാ

ഓണത്തപ്പനു പൂക്കളമിടുവാൻ വായോ, വായോ

ഓണത്തുമ്പി, പൂങ്കുയിലേ, പുല്ലാങ്കുയിലേ വാ

മാവേലി മന്നനു പൂക്കളമൊരുക്കാൻ വായോ, വായോ..

പൂവ്വിളി കഴിഞ്ഞ് കണ്ണുതുറക്കുമ്പോൾ എങ്ങും പൂക്കൾ. ഒരു വശത്ത് വൈലറ്റ് നിറത്തിൽ മൂക്കുത്തിപ്പൂക്കൾ. മറു വശത്ത് മഞ്ഞ നിറത്തിൽ കോളാമ്പിപ്പൂക്കൾ. ഇന്നത്തെപോലെ തമിഴ്നാട്ടിൽ നിന്നു ഇറക്കുമതി ചെയ്യുന്ന പൂക്കളും, ചൈനയിൽ നിന്നും വരുന്ന പ്ലാസ്റ്റിക്ക് പൂക്കളും, ചായം മുക്കിയ നെല്ലരിയും, മുത്തുകളും, ഉപയോഗിച്ച് ഒറ്റ ദിവസം കൊണ്ട് ഉത്രാടനാൾ പൂക്കളം തീർക്കുന്ന രീതി അന്നില്ലായിരുന്നു. അത്തനാളിൽ തുടങ്ങുന്ന പൂക്കളമിടൽ ഉത്രാടം നാളിലോ തിരുവോണനാളിലോ ആണു പൂർത്തിയാക്കിയിരുന്നത്.റെഡിമെയ്ഡ് വസ്ത്രങ്ങൾ ലഭ്യമല്ലാതിരുന്ന അക്കാലത്ത് ഓണക്കോടി വളരെ നേരത്തെ എടുക്കുമായിരുന്നു കാരണം കൊച്ചുകുട്ടികൾകുള്ള കോണകമാണെങ്കിൽപോലും അവ അന്നുകാലത്ത് തുന്നിച്ചെടുക്കേണ്ടിയിരുന്നു.

ഓണസദ്യക്കുള്ള ഒരുക്കങ്ങൾ ഉത്രാടനാൾ വൈകീട്ടു തുടങ്ങും. മുത്തഛൻെറ നേത്രുത്തത്തിലാണു ഓണസദ്യക്കുള്ള വിഭവങ്ങൾ ഒരുക്കുന്നത്. തനി കേരളപച്ചക്കറികൾ മാത്രമേ ഉപയോഗിക്കുമായിരുന്നുള്ളു. കാരറ്റ്, കാബേജ്, തക്കാളി, ബീറ്ററൂട്ട്, ബീൻസ് മുതലായവ ഒഴിവാക്കുമായിരുന്നു. ഓരോ കറിക്കുമുള്ള തീരുവകൾ ഓരോ പാത്രത്തിലായി മൂടിവക്കും. പായസങ്ങൾ വല്ല്യമ്മായിയുടെ മേൽനോട്ടത്തിലായിരുന്നു.തിരുവോണനാളിൽ അതിരാവിലെ എഴുന്നേറ്റ് കുളിച്ച് തോർത്തി വ്രുത്തിയായി വരുമ്പോൾ ഓണകോടികളുമായി മുത്തഛൻ ഉമ്മറത്ത് തയ്യാറായി നിൽപ്പുണ്ടാകും. ഓരോരുത്തരുടേയും പേരു വിളിച്ചാണു് ഓണകോടികൊടുത്തിരുന്നത്. ഓണസദ്യ ഒരുക്കുന്നത് വലുതും ചെറുതുമായ ഉരുളികളിലായിരുന്നു. കറികൾക്ക് പുക ചുവ വരാതിരിക്കുവാൻ പ്രത്യേകം തെരഞ്ഞെടുത്ത വിറകെ ഉപയോഗിച്ചിരുന്നുള്ളു. പായസം തയ്യാറാക്കുന്നത് കൊതുമ്പിൻെറ തീയ്യിലായിരുന്നു.

ഉച്ചകഴിഞ്ഞാൽ ഓണത്തിൻെറ താളമേളങ്ങളായി. ഊഞ്ഞാലാടൽ, കൈക്കൊട്ടിക്കളി, നാടൻ പന്തുകളി, ഓണത്തല്ല്, വകുന്നേരങ്ങളിൽ ഓണപ്പുടവകൾ ചുറ്റിയ മങ്കമാരുടെ തിരുവാതിരകളി, കുട്ടികളുടെ കോലുകളി.

തിരുവോണമെന്ന കേരളീയരുടെ തനതായ ഉത്സവം, ഐതിഹ്യവും വിളവെടുപ്പും കൈക്കോർക്കുന്നു അത്തവും ഉത്രാടവും ഒരുമിക്കുന്നു. ഉത്സവത്തിൻെറ പ്രത്യേകത അത് അത്തം മുതൽ തിരുവോണം വരെയുള്ള പത്തു ദിവസത്തിൽ ഒരുങ്ങി നിൽക്കുന്ന് ഒരാഘോഷമല്ലായിരുന്നുവെന്നുള്ളതാണു.

ഒന്നാം ഓണം തിരുവോണമായിരുന്നെങ്കിൽ രണ്ടാം ഓണം പൊന്നോണമായിരുന്നു. അതിനു കാരണമുണ്ട്. ശ്രാവണമാ സത്തിൻെറ തുടക്കം രണ്ടാം ഓണദിവസമാണു. കർക്കടകമാസത്തിലെ കാറ്റും മഴയും ഭയന്ന് പുറംകടലിൽ നങ്കൂരമിട്ടിരുന്ന വാണിഭ കപ്പലുകൾ കരക്കടുക്കുന്നതിനും, വാണിഭത്തിനു തുടക്കം കുറിക്കുന്നതിനുമുള്ള ഏറ്റവും നല്ല ദിവസം ഓണാഘോഷ ലഹരിയിൽ ന്രുത്തമാടി സന്തോഷിച്ചിരിക്കുന്ന രണ്ടാം ഓണദിവസം ആയിരുന്നുവെന്നാണു കണക്ക് കൂട്ടിയിരുന്നത്. അന്നേ ദിവസം അവർ സുഗന്ധവ്യഞ്ജന ങ്ങൾ വാങ്ങി പകരം സ്വർണ്ണം കൊടുക്കുമായിരുന്നു, അത്കൊണ്ട് രണ്ടാമോണം, പൊന്നാണമായി. രണ്ടാമോണ സദ്യയും ഓണസദ്യയെക്കാൾ കേമമായിരുന്നു. മൂന്നാം ഓണം ആകുമ്പോഴേക്കും മഹാബലി തിരിയെ പൊയ്കഴിഞ്ഞിരിക്കും. ഭക്ഷണത്തോടുള്ള ആസക്തി അൽപ്പമൊക്കെ കുറഞ്ഞിരിക്കും. അതുകൊണ്ട് മൂന്നാം ഓണം മുക്കിയും മൂളിയും (മുക്കിലും മൂലയിലും) എന്നാണു് വയ്പ്പ്. നാലാം ദിവസം ഓണവിഭവങ്ങൾ മിക്കവാറും തീർന്നിരിക്കും. അത് കൊണ്ട് നാലാം ഓണം നക്കിയും തോർത്തിയും എന്നാണു അറിയപ്പെട്ടിരുന്നത്. എല്ലാം കാലിയാക്കി കഴിഞ്ഞാൽ അഞ്ചാം ഓണം അച്ചി വീട്ടിലല്ലെ പറ്റുകയുള്ളു.

ഓണം എന്ന പേരിൻെറ ഉത്ഭവം തന്നെ രസകരമാണു. “ശ്രാവണം” രൂപഭേദപ്പെട്ട് “ആവണമായി” ആവണം ലോപിച്ച് ഓണമായി.

ഓണനാളിൽ കേരളീയർ ജാതിയും മതവും, കുബേര കുചേലവ്യത്യാസങ്ങളും മറന്ന് "നാനാവർണ്ണങ്ങൾ ചേർന്ന രശ്മി പോലെ" ഒന്നാകുമെന്നാണു എനിക്ക് കുട്ടിക്കാലത്ത് തോന്നിയിരുന്നത്.

ആ നല്ല നാളുകൾ ഇനിയും നമുക്ക് തിരിച്ച് കിട്ടുമോ? എന്തുകൊണ്ട് പാടില്ല! നാം നമ്മെ പാടെ മറന്നു ചെയ്തുകൂട്ടുന്ന "ഉച്ചനീചത്വങ്ങൾക്ക്" അറുതി വരുത്തിയാൽ പോരെ?

***********************************